ശ്രീ. പി. വി. മുഹമ്മദ്: വിദേശാധിപത്യത്തോട് പട പൊരുതി മരിച്ച ധീരനായ കുഞ്ഞാലിമരയ്ക്കാർുടെ നാടായ കോട്ടയ്ക്കൽ ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കുഞ്ഞാലിമരയ്ക്കാരുടെ പ്രസിദ്ധി മറ്റു വിഭാഗങ്ങളിലുള്ള ജനങ്ങളെ ആകർഷിക്കാൻ സഹായകമാകുന്ന നിലയിൽ എന്തു നടപടി സ്വീകരിക്കാൻ സാധിക്കുമെന്നു പരിശോധിക്കാം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതുപോലെ ടൂറിസ്റ്റ് വകുപ്പിന്റെ മുഖ്യമായ ചുമതല നമ്മുടെ മന്ത്രിമാരെ ശ്രദ്ധിക്കുകയാണ്. ടൂറിസം വികസനത്തിൽ ഗൗരവമായി പ്രവർത്തിക്കേണ്ട ഈ ഡിപ്പാർട്ടുമെന്റിന് ആ മുഖ്യമായ ചുമതല കൊടുക്കുകയും, ഹോസ്പിറ്റാലിറ്റി ഡിപ്പാർട്ടുമെന്റ് എന്നു മറ്റൊരു ഡിവിഷൻ വരുന്നതുവരെ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിനേയും ടൂറിസ്റ്റ് കോർപ്പറേഷനേയും ചുമതല ഒരാളിനെ ഏൽപ്പിച്ച് രണ്ടും കൂടി ഏകീകരിച്ചു കൊണ്ടുപോകാനുള്ള സംവിധാനം നടപ്പാക്കുകയും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: അതു പ്രായോഗികമല്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പുരാതനകാലം മുതൽതന്നെ ധാരാളം വിദേശികളെ ആകർഷിച്ചിട്ടുള്ള കൊച്ചി മേഖലയിൽ പഴയ ഡച്ചുകാർ പണിത കൊട്ടാരവും ജൂതന്മാരുടെ വിശിഷ്ടമായ പള്ളിയും വാസ്കോഡിഗാമയുടെ മൃതദേഹം സംസ്കരിച്ച പ്രസിദ്ധമായ പള്ളിയും സ്ഥിതി ചെയ്യുന്നു. അതിനുപുറമേ വിശാലവും വിസ്തൃതവുമായ പഞ്ചാരമണൽ വിരിച്ച ഒരു ബീച്ചുമൊക്കെയുള്ള ഫോർട്ട്കൊച്ചി മട്ടാഞ്ചേരിക മേഖല ടൂറിസ്റ്റുകളെ ആകർഷിക്കുവാനാവശ്യമായ വിധത്തിൽ പരിഷ്കരിക്കുവാനും അവർക്ക് താമസ സൗകര്യങ്ങളുണ്ടാക്കുവാനും ഒരു പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: കൊച്ചി പ്രദേശത്തിന് പ്രത്യേകമായിട്ടല്ല. കേരളത്തിന്റെ പൊതുവായിട്ടുള്ള പദ്ധതിയിൽ കൊച്ചിയും ഉൾപ്പെടുന്നുണ്ട്.

വിദേശ ടൂറിസ്റ്റുകൾ

246 [384] ശ്രീ. ടി. എസ്. ജോൺ:
,, പി. സി. ജോർജ്:
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ടൂറിസ്റ്റുകളെ കേരള സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ടൂറിസ്റ്റുകളിൽ നിന്നും സംസ്ഥാനത്തിന് 1985–86ൽ ലഭിച്ചവരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പൊൻമുടി, കോവളം എന്നീ ടൂറിസ്റ്റുകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് റോപ്പ്വേ നിർമ്മിക്കുന്നതിന് ആലോചനയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) വിദേശീയരെ ആകർഷിക്കത്തക്ക വിധത്തിൽ വേണ്ടത്ര പ്രചരണം നൽകിവരുന്നുണ്ട്. ടൂറിസ്റ്റുകൾക്കുവേണ്ട താമസ സൗകര്യവും ജലക്രീഡയ്ക്കും മറ്റു വിനോദങ്ങൾക്കും വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. പൊൻമുടിയിൽ ഒരു 'മാൻ പാർക്ക്' ഒരു 'വാക്ക്-ഇൻ ഏവിയറി' ഇവ തുടങ്ങുക, കോവളത്ത് വാട്ടർ സ്പോർട്ട്സ് നടത്തുക, കടൽത്തീരം വൃത്തിയായി സൂക്ഷിക്കുക, അപകടമരണങ്ങൾ ഒഴിവാക്കാനുള്ള രക്ഷാനടപടികളെടുക്കുക, വേളിയിൽ ഒരു വിശ്രമസങ്കേതം പണിയുക, റോഡുയാത്രക്കാർക്കായി അഞ്ചു ജില്ലകളിൽ മോട്ടലുകൾ പണിയുക എന്നിവയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ഇടത്തരം ടൂറിസ്റ്റുകൾക്കായി യാത്രാനിവാസുകൾ പണിയുക, മലമ്പുഴയിൽ ഒരു റോപ് വേ നിർമ്മിക്കുക തുടങ്ങിയവയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ. ടി. ഡി. സി. യുടെ ആഭിമുഖ്യത്തിൽ 'കൺടക്റ്റഡ്' ടൂറുകളും നടത്തിവരുന്നു.

(ബി) വരുമാനം പലയിനങ്ങളിൽ പല വകുപ്പുകൾക്കുമായിട്ടാണ് ലഭിക്കുകയെന്നതിനാൽ കൃത്യമായ കണക്കുകൾ പറയാൻ നിവൃത്തിയില്ല. ലഭ്യമായവ താഴെ പറയുന്നവയാണ്:

കെ.ടി.ഡി.സി.ക്കു ലഭിച്ച വിദേശനാണയം	4,63,345.00 രൂ.
തിരുവനന്തപുരം മ്യൂസിയത്തിൽ നിന്നുള്ള വരുമാനം	14,93,290.00 രൂ.
പത്മനാപുരം കൊട്ടാരത്തിൽ നിന്നുള്ള വരുമാനം	1,98,700.00 രൂ.
മലമ്പുഴ ഉദ്യാനത്തിലെ വരുമാനം	5,96,257.00 രൂ.
തേക്കടിയിലെ വരുമാനം	44,755.00 രൂ.

(സി) ഇല്ല.

ശ്രീ. ടി. എസ്. ജോൺ: 7-ാം പദ്ധതിയിൽ നമ്മുടെ ടൂറിസ്റ്റ് വികസനത്തിന് എത്ര രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്? അതിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്? പൊൻമുടി മുതൽ കോവളം വരെയുള്ള റോപ് വേയുടെ കാര്യം ഇതിൽ പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: മൊത്തം എത്ര സംഖ്യയാണെന്നുള്ളത് നോക്കിപ്പറയാം.

ശ്രീ. ടി. എസ്. ജോൺ: 7-ാം പദ്ധതിയിൽ 9 കോടിയിൽ ചിലവാക്കുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ റോപ് വേ ഉണ്ടാക്കുകയാണെങ്കിൽ സമുദ്രത്തിനു നടുക്കുകൂടിയാണ് പോകുന്നത്. അപ്പോൾ എട്ടോ പത്തോ കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് നടപ്പിലാക്കുകയാണെങ്കിൽ വിദേശികളെ കൂടുതലായി ആകർഷിക്കാൻ കഴിയും. കോവളം മുതൽ പൊൻമുടി വരെ ഒരു റോപ് വേ ഉണ്ടാക്കാൻ കഴിഞ്ഞാൽ നമുക്ക് കൂടുതൽ വിദേശികളെ ആകർഷിക്കാൻ കഴിയും. 7-ാം പദ്ധതിയിലെ എമൗണ്ട് അതിനുവേണ്ടി വിനിയോഗിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ആ സംഖ്യയുണ്ടെങ്കിൽ അതിനെക്കാൾ കൂടുതൽ ഉപകാരപ്രദമായ നിലയിൽ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: അങ്ങനെ പറയുന്നത് ശരിയല്ല സർ. അതിനൊരു എസ്റ്റിമേറെടുത്തു പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായം എനിക്കുമുണ്ട്. പല വിദേശരാജ്യങ്ങളിലേയും ബഡ്ജറ്റ് പരിശോധിച്ചാൽ വിദേശ ടൂറിസത്തിൽ നിന്നുള്ള വരുമാനം കാണാം. നമ്മുടെ അയൽരാജ്യങ്ങളും തന്നെ അതിന് ഉദാഹരണമാണ്. നമ്മുടെ സംസ്ഥാനം ആ നിലയിലേക്ക് വന്നിട്ടില്ല. ഇൻഡ്യയിലുള്ള ഏറ്റവും മനോഹരമായ സംസ്ഥാനം കേരളമാണെങ്കിൽപ്പോലും കാശ്മീർ പോലുള്ള മറ്റ് സംസ്ഥാനങ്ങളിലെത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വളരെ പരിമിതമാണ്. പരസ്യത്തിന്റെ കുറവാണ് ഇതിന് കാരണം. ആവശ്യത്തിന് പരസ്യം നൽകുവാൻ നമ്മുടെ ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന് കഴിയാതെപോയിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഇതെന്ന് എനിക്ക് തോന്നുന്നു. അതുകൊണ്ട് വിദേശരാജ്യങ്ങളിലെ പത്രങ്ങളിലും വിദേശ ടെലിവിഷനുകളിലും വിദേശ റേഡിയോകളിലും പരസ്യം കൊടുക്കുവാനും കേരളത്തിന്റെ പ്രകൃതിരമണീയത അവരെ ബോദ്ധ്യപ്പെടുത്തുവാനുമുള്ള ശ്രമം നടത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: വിദേശങ്ങളിൽ പ്രസിദ്ധീകരണം നൽകുന്ന ഏജൻസികളുമായി ഇതിനുവേണ്ടി നമ്മൾ ബന്ധപ്പെട്ടിട്ടുണ്ടെന്നു ഞാൻ ആദ്യം തന്നെ പറഞ്ഞു.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ വിദേശടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് പറഞ്ഞു. ചോദ്യം 383–ന് ഉത്തരമായി നമ്മുടെ പല ടൂറിസ്റ്റുകേന്ദ്രങ്ങളിലും നടപ്പാക്കിയിരുന്ന വികസനപ്രവർത്തനങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ അടുത്ത കാലത്തെങ്ങാനും മലമ്പുഴ ഡാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന് വേദന തോന്നുമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും നല്ല ഒരു ടൂറിസ്റ്റുകേന്ദ്രമായി വികസിച്ചിരുന്ന മലമ്പുഴയിലെ പൂന്തോട്ടം ഇന്ന് ഉണങ്ങിവരണ്ടിരിക്കുന്നു. ഫൗണ്ടൻ തുരുമ്പിച്ച് ഉപയോഗിക്കാൻ കൊള്ളാത്ത രീതിയിലായി. അവിടം അധഃപതിച്ചു കിടക്കുകയാണ്. അതെങ്കിലും ഒന്നു നന്നാക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: മലമ്പുഴ വികസനത്തിന് പ്രത്യേകമായിത്തന്നെ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. വി. വി. ജോസഫ്: ഇൻഡ്യയിലെ ടൂറിസം ഡിപ്പാർട്ടുമെന്റ് അടിച്ചിറക്കിയിരിക്കുന്ന ഇൻഡ്യയിലെ ടൂറിസം മാപ്പിൽ കേരളത്തിലെ പല പ്രധാനപ്പെട്ട വികസനകേന്ദ്രങ്ങളും വിനോദസഞ്ചാരകേന്ദ്രങ്ങളും ഉൾപ്പെടുത്തിയിട്ടില്ലെന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ? അറിയാമെങ്കിൽ ഇക്കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഞാൻ നേരത്തെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു കേരളത്തിലെ ആകർഷകമായ പ്രദേശങ്ങളും പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്ര ടൂറിസം വകുപ്പ് ശ്രദ്ധ വച്ചിട്ടില്ല എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അടുത്തകാലത്തായി അവർ കേരളത്തിൽ വന്നു ചർച്ചകൾ നടത്തിയതിനുശേഷം അത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. വി. വി. ജോസഫ്: കോവളത്ത് വന്നുകൊണ്ടിരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അവിടെ വന്നുകൊണ്ടിരുന്ന സഞ്ചാരികൾ ഗോവയിലേക്ക് കൂടുതലായി കടന്നു പോകുന്നു എന്നുള്ള വസ്തുത മനസ്സിലാക്കി, അതിന്റെ കാരണം എന്താണെന്നു പഠിച്ച് ഗോവയിലേക്ക് പോകുന്ന സഞ്ചാരികളെ കോവളത്തേക്ക് കൂടുതലായി ആകർഷിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സ്വൈരമായും സ്വച്ഛന്ദമായും ജീവിക്കുന്നതിനാണ് വിദേശസഞ്ചാരികൾ വരുന്നത്. നിർഭാഗ്യവശാൽ കോവളത്തും പരിസരത്തുമുള്ള ആളുകളുടെ ഒരുതരം ക്യൂരിയോസിറ്റി കൊണ്ട് സഞ്ചാരികൾക്ക് സുരക്ഷിതത്വം കിട്ടുന്നില്ല, അവർക്ക് ഒരു സീക്രസി മെയിന്റയിൻ ചെയ്യാൻ സാധിക്കുന്നില്ല എന്നൊരു പരാതിയുണ്ട്. ഇതു സംബന്ധിച്ച് ചില നടപടികൾ നടത്തുന്നുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ്

* 247 [386] ശ്രീ. പി. എം. അബൂബക്കർ:
,, പി. വി. മുഹമ്മദ്:
,, പി. കെ. കെ. ബാവ:
,, കെ. പി. എ. മജീദ്:
,, സി. റ്റി. അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഇത് എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സ്വകാര്യ ആശുപത്രികളുടെ ആവിർഭാവം, പ്രവർത്തനം എന്നിവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും ഇന്ന് സംസ്ഥാനത്ത് നിലവിലില്ല. ഇതിനായി ഒരു നിയമ വ്യവസ്ഥ ഉണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പ്രത്യേകമായി ലൈസൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ബി) ഇതിനായി ഒരു കരട് ബിൽ തയ്യാറാക്കി നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ബിൽ പാസ്സായി നിയമം പ്രാബല്യത്തിൽ വരേണ്ടതുകൊണ്ട് എന്നത്തേക്ക് അത് നടപ്പിൽ വരുമെന്ന് പറയാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly